# ഏലൂർ മുനിസിപ്പാലിറ്റി

## എറണാകുളം റവന്യുജില്ല ബാലശാസ്ത്രകോൺഗ്രസ് - 2011

## രസതന്ത്രവർഷാചരണം

ELOOR MUNICIPALITY UDYOGAMANDAL P.O.

പ്രേക്ഷിതൻ

ചെയർപേഴ്സൺ
ഏലൂർ നഗരസഭ

സ്വീകർത്താവ്

.................................................................................................................................................

സർ/മാഡം

അന്താരാഷ്ട്ര രസതന്ത്രവർഷാചരണത്തിന്റെ ഭാഗമായി, കേരളത്തിൽ ഏറ്റവും കൂടുതൽ കെമിക്കൽ ഫാക്ടറികൾ സ്ഥിതിചെയ്യുന്ന ഏലൂർമുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി എറണാകുളം റവന്യൂജില്ലാതലത്തിൽ ബാലശാസ്ത്രകോൺഗ്രസ് സംഘടിപ്പിക്കുന്നു.

2011 ഒക്ടോബർ 30,31 (ഞായർ,തിങ്കൾ) തീയതികളിലായി എം.ഇ.എസ്.ഈസ്റ്റേൺ സ്കൂളിൽ വച്ചാണ് ഇത് നടക്കുന്നത്. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് ഈ പരിപാടിയിൽ വിദ്യാർത്ഥികൾ താത്പര്യപൂർവ്വം പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

1. എറണാകുളം റവന്യൂജില്ലയിലെ സർക്കാർ,എയിഡഡ്,അൺഎയിഡഡ് (കേരളാസിലബസ്സ്) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിലെ എൽ.പി.,യു.പി., എച്ച്.എസ്.,എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം മത്സരം ഉണ്ടാകും. ഓരോ വിഭാഗത്തിലും മൂന്ന് വിദ്യാർത്ഥികൾ വീതമടങ്ങുന്ന ടീമിനെ അയയ്ക്കാവുന്നതാണ്. ഒരു വിഭാഗത്തിൽ ഒരു ടീമിൽ കൂടുതൽ ഒരു സ്കൂളിൽ നിന്ന് ഉണ്ടാകാൻ പാടില്ല.

2. **രസതന്ത്രം-ജീവിതവും ഭാവിയും** എന്ന മുഖ്യ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ലഘുവായ ഗവേഷണ പ്രൊജക്ട് മുൻകൂട്ടി തയ്യാറാക്കി 2011 ഒക്ടോബർ 25 നകം താഴെ പറയുന്ന വിലാസത്തിൽ എത്തിച്ചിരിക്കണം.

ഏലൂർ നഗരസഭാ കാര്യാലയം ഉദ്യോഗമണ്ഡൽ, 683501,
T.T.Paulose, MES Eastern School Eloor. Mob:- 9446762687,
Email:-ttpaulosepzm@gmail.com.

3. പ്രൊജക്ട് റിപ്പോർട്ട് കേവലം വസ്തുതാവിവരണം ആകരുത്. തനിമയുള്ള പഠന പ്രവർത്തനം ശാസ്ത്രീയമായി നടത്തിയതായിരിക്കണം. ആമുഖം, ലക്ഷ്യങ്ങൾ, പഠനരീതി, പ്രവർത്തനങ്ങൾ, ദത്തങ്ങൾ (Data), വിശകലനം, നിഗമനം തുടങ്ങിയ ഘട്ടങ്ങൾ ആകാം.

4. ഒരു വിദഗ്ധ സംഘം റിപ്പോർട്ടുകൾ പരിശോധിച്ച് ഓരോ വിഭാഗത്തിൽ നിന്നും മികച്ചവ ജില്ലാതല ബാലശാസ്ത്ര കോൺഗ്രസിൽ അവതരിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കും.

5. തിരഞ്ഞെടുക്കപ്പെട്ട പ്രൊജക്ടുകളുടെ അവതരണം കോൺഗ്രസിൽ നടക്കും. അവതരണരീതി, ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിനുള്ള ശേഷി എന്നിവയും മൂല്യനിർണ്ണയത്തിൽ പരിഗണിക്കും.

6. പ്രൊജക്ട് റിപ്പോർട്ടുകൾ മലയാളത്തിൽ / ഇംഗ്ലീഷിൽ കൈകൊണ്ട് എഴുതി തയ്യാറാക്കി അവതരിപ്പിക്കണം.

7. പ്രൊജക്ട് റിപ്പോർട്ടിനൊപ്പം കുട്ടികളുടേയും ഗൈഡിന്റേയും വിലാസവും ഫോൺ നമ്പറും നൽകേണ്ടതാണ്. ബാലശാസ്ത്രകോൺഗ്രസ്സിൽ പ്രൊജക്ട് അവതരിപ്പിക്കുന്നതിന് തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ വിവരം മുൻകൂട്ടി അറിയിക്കുന്നതാണ്.